# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4291</u> <u>27.06.2013 -ലെ മറുപടിക്ക്.</u>

## <u>എച്ച്. എസ്.എസ്.ടി . ബൈട്രാൻസ്ഫർ നിയമനം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| | ശ്രീ. സി.മമ്മൂട്ടി | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | നിലവിലെ എച്ച്.എസ്.എസ്.ടി ബൈട്രാൻസ്ഫർ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നത് യോഗ്യരായ അധ്യാപകരെ ഒറ്റ യൂണിറ്റായി സീനിയോറിറ്റി പരിഗണിച്ചാണോ; | (എ) | അല്ല. |
| (ബി) | യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ 2008-ലെ ഒഴിവുകൾ 2009, 2010, 2011 വർഷങ്ങളിൽ യോഗ്യത നേടിയവർക്കു നൽകുമോ ; ഇല്ലെങ്കിൽ നേരിട്ടുള്ള നിയമനത്തിനായി നീക്കിവയ്ക്കുമോ ; | (ബി) | യോഗ്യരായ അദ്ധ്യാപകർ ഒഴിവുകളുണ്ടായ തീയതിയിൽ ഇല്ലാതിരുന്നാൽ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്നത് പ്രകാരം ആ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി നീക്കിവയ്ക്കുന്നതാണ്. |
| (സി) | ഒഴിവുകൾക്ക് ആനുപാതികമായി അപേക്ഷകരില്ലാത്ത കോമേഴ്സ്, ജേർണലിസം, സൈക്കോളജി തുടങ്ങിയ വിഷയങ്ങളിൽ നോട്ടിഫിക്കേഷൻ തീയതിക്കകം യോഗ്യത നേടിയ മുഴുവൻ അധ്യാപകർക്കും നിയമനം നൽകുമോ ; | (സി) | കേരള സ്റ്റേറ്റ് സർവ്വീസ് ആന്റ് സബോർഡിനേറ്റ് റൂൾ പ്രകാരവും ഹയർസെക്കന്ററി സ്പെഷ്യൽ റൂൾ പ്രകാരവും ഒഴിവ് ഉണ്ടാകുന്ന സമയത്ത് പൂർണ്ണ യോഗ്യത നേടിയാൽ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | മാറ്റിവച്ച 25% പ്രൊമോഷൻ ക്വാട്ടയിൽ നേരിട്ട് നിയമനം നടത്താതെ അവർക്കു തന്നെ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | ഒഴിവിന് അനുസരിച്ച് യോഗ്യരായ അപേക്ഷകർ ഉണ്ടെങ്കിൽ 25%പ്രൊമോഷൻ ക്വാട്ടയിൽ പ്രസ്തുത അപേക്ഷകർക്ക് തന്നെ നിയമനം നൽകും. ഇവരുടെ അഭാവത്തിൽ മാത്രമേ നിലവിലുള്ള നിയമം അനുസരിച്ച് നേരിട്ടുള്ള നിയമനത്തിന് പ്രസ്തുത ഒഴിവുകൾ നൽകാറുള്ളൂ. |
| (ഇ) | ബൈട്രാൻസ്ഫർ നിയമനത്തിനുള്ള ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ നിയമനനടപടികൾ ത്വരിതപ്പെടുത്തുമോ? | (ഇ) | നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ